LIBRARY ARCHIVES Kerala Legislative Assembly

കൂട്ടനാട് പാക്കേജ്

25(*294) ശ്രീ. ജി. സുധാകരൻ:
ശ്രീ. എം. എ. ബേബി:
ശ്രീ. സി. കെ സദാശിവൻ:
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട് പാക്കേജ് പരാജയപ്പെട്ടിട്ടുണ്ടോ ;കാരണം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാലാവധി അവസാനിച്ച കൂട്ടനാട് പാക്കേജിന്റെ ഇനിയുള്ള നടത്തിപ്പ് എങ്ങനെ എന്നത് സംബന്ധിച്ച് വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിൽ അഴിമതി നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിലെ വീഴ്ച കൊണ്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഫണ്ട് നഷ്ടമായിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച് വിലയിരുത്തുമോ;

(ഇ) പദ്ധതി വീണ്ടും നീട്ടി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നും അത് സംബന്ധിച്ച് കേന്ദ്ര തീരുമാനം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കൂട്ടനാട് പാക്കേജ് പരാജയപ്പെട്ടതായി സർക്കാർ കരുതുന്നില്ല. എന്നാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇതിലെ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കൂട്ടനാട് പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന തുടർപദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കേണ്ടതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ള പ്രകാരം നടപടികൾ തുടർന്നു വരുന്നുണ്ട്.

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഉചിതമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) കൂട്ടനാട് പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ച 1268.127 കോടി രൂപയുടെ പദ്ധതികളിൽ കേന്ദ്ര/സംസ്ഥാന സർക്കാർ റിലീസ് ചെയ്ത 654.138 കോടി രൂപയിൽ 622.34 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഇ) കൂട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 7-10-14, 16-10-14 എന്നീ തീയതികളിലെ കത്തുകളിലൂടെ കൂട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൂട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾക്ക് മാർച്ച് 2015 വരെയും KEL-3, ഓണാട്ടുകര പദ്ധതികൾക്ക് ഡിസംബർ 2016 വരെയും കേന്ദ്രം സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

വിമാന യാത്രക്കൂലി വർദ്ധനവ്

26 (*295) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണിൽ വിമാന കമ്പനികൾ യാത്രക്കൂലിയിൽ വൻവർദ്ധന വരുത്തി ഗൾഫ് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതി അവസാനിപ്പിക്കുവാൻ വേണ്ട ഇടപെടൽ നടത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഗൾഫിലെ ചില മേഖലകളിൽ നിന്ന് ചില പ്രത്യേക എയർലൈനുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ എന്നത് പ്രസ്തുത യാത്രാക്കൂലി വർദ്ധനവിന് കാരണമാകുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ ശ്രമങ്ങൾ നടത്താനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യാത്രാക്കൂലി വർദ്ധന പരിഹരിക്കുന്നതിന് അടിയന്തര ശ്രമം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly